## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: P.B.നൂഹ് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: E5-4027/18. തീയതി: 5.4.2018.

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ഡയറക്ടറേറ്റ് - വിജിലൻസ് സെൽ പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ(എം.എസ്)നം.47/09/SWD, തീയതി: 31.10.2009.
2. സ.ഉ(എം.എസ്)നം.71/2010/SWD തീയതി: 24.9.10.
3. ഈ കാര്യാലയത്തിലെ 3.1.17 തീയതിയിലെ E5-41699/16 നമ്പർ ഉത്തരവ്.
4. വിജിലൻസ് വകുപ്പിലെ 21.2.2018 തീയതിയിലെ വിജി.സി2/344/2018-വിജി- നമ്പർ പരിപത്രം.

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ സ്ഥാപിച്ചുകൊണ്ടും ആയത് പുനഃക്രമീകരിച്ചുകൊണ്ടും പരാമർശം (1) & (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വി.എസ്.വേണു, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ വിജിലൻസ് ഓഫീസറായി നിയമിച്ച് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ വകുപ്പു വിഭജനവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ താല്ക്കാലിക ക്രമീകരണത്തിൽ സർക്കാർ വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ നിയമിക്കുകയും മറ്റൊരംഗമായ ശ്രീ. ഗിരീശൻ നായർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും, നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പുതല പരിശോധനകൾ ശക്തമാക്കുന്നതിനും ആയതു കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പരാമർശം (4) പ്രകാരം കർശന നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ ചുവടെ പേര് ചേർത്തിരിക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **ശ്രീ. സുഭാഷ്കുമാർ.കെ.വി, അസ്സി.ഡയറക്ടർ (വിജിലൻസ് ഓഫീസർ)**
2. **ശ്രീ. ബി.എൽ.അജിത്കുമാർ, ജൂനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്)**
3. **ശ്രീ. സന്തോഷ്.കെ, സീനിയർ ക്ലർക്ക് (ജി-സെക്ഷൻ)**

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:
1. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും സെക്ഷൻ മേധാവികൾക്കും.
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

*db@*